# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4673** — **26.10.16** ലെ മറുപടി

## ചിറ്റൂർ പുഴ, വാളയാർ ജലസേചന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | പാലക്കാട് ജില്ലയിൽ ചിറ്റൂർപുഴ പദ്ധതി, വാളയാർ ജലസേചന പദ്ധതി എന്നിവയിൽ മൊത്തം എത്ര കനാലുകൾ, സബ് കനാലുകൾ എന്നിവയുണ്ട്; ഓരോന്നിന്റെയും പേര്, നീളം, ജലസേചനം നടത്തുന്ന പാടശേഖരങ്ങളുടെ വിസ്തൃതി എന്നിവ ലഭ്യമാക്കാമോ; | (എ) വിശദ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഈ കനാലിന്റെ കളർ രേഖാ ചിത്രങ്ങൾ ലഭ്യമാക്കാമോ; | (ബി) കനാലുകളുടെ രേഖാചിത്രങ്ങൾ (ബ്ലാക്ക് ആന്റ് വൈറ്റ്) അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ഈ കനാലുകളുടെ നിർമ്മാണത്തിന് ശേഷം അറ്റകുറ്റപ്പണികൾ ഇതുവരെയും നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) വാർഷിക കർമ്മ പദ്ധതി, റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം, 13-ാം ധനകാര്യ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് കനാലുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് വാർഷിക അറ്റകുറ്റപണികളും നടത്താറുണ്ട്. |
| (ഡി) | ചിറ്റൂർപുഴയിൽ ജലസംഭരണത്തിനും വിതരണത്തിനും ഇപ്പോൾ എത്ര റഗുലേറ്ററുകൾ ഉണ്ട്; പുതിയ എത്ര റഗുലേറ്ററുകൾക്ക് സാധ്യതയുണ്ടെന്നും നിലവിലുള്ള ഓരോ റഗുലേറ്ററുകളുടെ പേരും വ്യക്തമാക്കാമോ; പുതിയതിന് ഓരോന്നിനും എത്ര രൂപ ചെലവ് | (ഡി) നിലവിൽ മൂലത്തറ റെഗുലേറ്റർ വഴിയാണ് ജലവിതരണം ക്രമീകരിക്കുന്നത്. PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർപുഴയ്ക്ക് കുറുകെ കേണമ്പുള്ളി (30 കോടി രൂപ) നർണി(30 കോടി രൂപ) എന്നിവിടങ്ങളിലും കോരയാറിനു കുറുകെ ചിന്നമൂലത്തറയിലും (10 കോടി രൂപ) |

| | | | |
|---|---|---|---|
| | വരുമെന്നുള്ള ഏകദേശ കണക്ക് ലഭ്യമാണോ; | | റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള കരട് പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കുന്ന ജലം ശേഖരിച്ച് വയ്ക്കാനായി ചെറുതും വലുതുമായ എത്ര ജലസംഭരണികൾ ഇപ്പോൾ നിലവിലുണ്ട്; ഓരോ ജലസംഭരണിയുടെയും പേരും ജലസംഭരണ ശേഷിയും വ്യക്തമാക്കാമോ; ഇവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനുള്ള പണം എവിടെ നിന്നാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കുന്ന ജലം ശേഖരിക്കുന്നതിനായി നിലവിൽ വെങ്കലക്കയം ഏരി, കമ്പാലത്തറ ഏരി, കുന്നംപിടാരി ഏരി എന്നീ സംഭരണികളാണ് ഉള്ളത്. ഇവയ്ക്ക് ഓരോന്നിനും യഥാക്രമം 3Mm3, 3Mm3, 0.833Mm3 സംഭരണശേഷിയുണ്ട്. ഇവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ കരട് പദ്ധതി രേഖ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**